**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **13-09-2023 - ൽ മറുപടിയ്ക്ക്**

**പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേക്ക് പ്രൊപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേക്ക് ഗ്രാമവികസന വകുപ്പ് മുഖേന വഖഫ് ഭൂമിയിൽ സ്കൂളുകൾ, കോളേജുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ഗ്രാമവികസന വകുപ്പ് സ്വീകരിക്കാറുണ്ടോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ സംസ്ഥാന വഖഫ് ബോർഡ് മുഖാന്തരമാണോ ഗ്രാമവികസന വകുപ്പ് മുഖാന്തരമാണോ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ; | (എ) | **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ നിന്നും എം.പി., എം.എൽ.എ. എന്നിവരിൽ നിന്നും ബ്ലോക്ക്തല സമിതികളിൽ നിന്നും ലഭിക്കുന്ന പ്രൊപോസലുകൾ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായ സമതി പരിശോധിച്ച് സംസ്ഥാന തലത്തിലേക്ക് ശിപാർശ ചെയ്യുകയാണ് ചെയ്യുന്നത്. വഖഫ് ഭൂമിയിലെ പ്രോജക്ടുകൾ വഖഫ് ബോർഡിന്റെ അനുമതിയോടെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും സമർപ്പിക്കാവുന്നതാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഗ്രാമവികസന വകുപ്പ് മുഖാന്തരം വഖഫ് ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശവും നിർവഹണ അധികാരവും ആവർത്തന ചെലവുകളും വഹിക്കേണ്ടതും പി.എം.ജെ.വി.കെ. യുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ആണോ എന്നറിയിക്കാമോ; വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മേൽപ്പറഞ്ഞ അധികാരങ്ങളുണ്ടോ; വിശദമാക്കാമോ; | (ബി) | **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി പ്രകാരം വഖഫ് ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം വഖഫ് സ്ഥാപനത്തിനും നിർവ്വഹണ അധികാരവും ആവർത്തന ചെലവുകളും വഹിക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുമാണ്.** |
| (സി) | 2022-23 വർഷത്തിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നിന്നും ഗ്രാമവികസന വകുപ്പ് മുഖാന്തരം വഖഫ് ഭൂമിയിൽ പി.എം.ജെ.വി.കെ. പദ്ധതിയ്ക്ക് വേണ്ടിയുള്ള എത്ര പ്രൊപ്പോസലുകൾ ലഭിച്ചിരുന്നുവെന്ന് ജില്ല, പ്രൊപ്പോസലിന്റെ പേര്, ആവശ്യപ്പെടുന്ന തുക, ബ്ലോക്ക് പഞ്ചായത്ത് എന്നിവ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | **വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ഡി) | വഖഫ് ഭൂമിയിൽ പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പ്രസ്തുത ഭൂമി വഖഫ് | (ഡി) | **വസ്തു നികുതി അടച്ച രേഖകളും വഖഫ് ബോർഡിന്റെ സമ്മതപത്രവും പരിശോധിച്ച ജില്ലാ കളക്ടർ** |

| | | | |
|---|---|---|---|
| | ഭൂമി തന്നെയാണോ എന്നും വഖഫ് ബോർഡിന്റെ കൈവശത്തിലാണോ എന്നുമുള്ള റവന്യൂ രേഖകൾ പരിശോധിക്കാറുണ്ടോ; ഇത് പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ ആരെന്നും വ്യക്തമാക്കാമോ; ബന്ധപ്പെട്ട വില്ലേജ് അധികാരികളുടെ സാക്ഷ്യപത്രം ഇതിനായി ആശ്രയിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | **അധ്യക്ഷനായ PMJVK-യുടെ സമിതിയാണ് നടപടി സ്വീകരിക്കുന്നത്.** |
| (ഇ) | മതസ്ഥാപനങ്ങൾ, ഓർഫനേജുകൾ തുടങ്ങി വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ഗ്രാമവികസന വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിയിലേക്ക് നേരിട്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാൻ സാധിക്കുമോ; ഇതിനായി ഇത്തരം സ്ഥാപനങ്ങൾ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും അറിയിക്കാമോ? | (ഇ) | **വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ PMJVK പ്രകാരം സമർപ്പിക്കുന്ന പ്രൊപോസലുകൾ ബ്ലോക്ക്തല കമ്മിറ്റി അംഗീകരിച്ച് ജില്ലാതല കമ്മിറ്റിയിലേക്ക് ശിപാർശ ചെയ്യുന്നു. വഖഫ് ബോർഡിൽ നിന്നുള്ള സമ്മതപത്രം, ഭൂമിയുടെ നികുതിയടച്ച രസീത്, ഭാവി പരിപാലന ചുമതല ഏറ്റെടുക്കുന്നത് സംബന്ധിച്ച സത്യവാങ്മൂലം, വിശദമായ പദ്ധതി റിപ്പോർട്ട് എന്നിവ ഉൾപ്പെടെ നിർദ്ദിഷ്ട മാനദണ്ഡപ്രകാരം ശിപാർശ സമർപ്പിക്കേണ്ടതുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| DISTRICT | PROJECT NAME | AMOUNT | NAME OF BLOCK |
|---|---|---|---|
| MALAPPURAM | Boys’ Hostel Building construction in Chaliyar Grama Panchayath | 150000000/- | Nilambur Block |
| | Library Building Construction in Chaliyar Grama Panchayath | 185000000/- | Nilambur Block |
| KASARGOD | Library Building Construction in Puthigai Grama Panchayath | 180000000/- | Manjeswar Block |
| | Girls’ Hostel Building construction in Puthigai Grama Panchayath | 180000000/- | Manjeswar Block |